# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1379 — 04.02.2019 -ൽ മറുപടിക്ക്

## കോതമംഗലം താലൂക്കിലെ വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലത്ത് 2014-ൽ ആരംഭിച്ച പുതിയ വില്ലേജ് ഓഫീസ് നിലവിൽ പഞ്ചായത്ത് വക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് സ്വകാര്യ വ്യക്തി വിട്ടുനല്കിയിട്ടുള്ള 968/4/2/10 എന്ന സർവ്വേ നമ്പറിലുള്ള സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ;<br><br>(സി) പുതിയ കെട്ടിട നിർമ്മാണത്തിനായി എത്ര തുകയുടെ പ്രൊപ്പോസലാണ് പരിഗണനയിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ;<br><br>(ഡി) പുതിയ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുമ്പോൾ പ്രസ്തുത വില്ലേജിനെ സ്മാർട്ട് വില്ലേജ് ആക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും (ഡി) യും 2018-19 വർഷത്തിൽ സ്മാർട്ട് വില്ലേജ് പദ്ധതിയിൽപ്പെടുത്തി നിർമ്മിക്കാനുദ്ദേശിച്ചിരുന്ന ആലുവ ഈസ്റ്റ് വില്ലേജിന് നിലവിൽ സ്വന്തമായി എല്ലാ സൗകര്യങ്ങളുമുള്ള കെട്ടിടമുള്ളതിനാൽ ടി വില്ലേജിനു പകരമായി കോതമംഗലം താലൂക്കിലെ പല്ലാരിമംഗലം വില്ലേജിനെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽപ്പെടുത്തി 44 ലക്ഷം രൂപ ചിലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

(ഇ) കോതമംഗലം താലൂക്കിൽ നിലവിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കിയിട്ടുള്ളത്; താലൂക്കിലെ കൂടുതൽ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഇ) കോതമംഗലം താലൂക്കിലെ പോത്താനിക്കാട് വില്ലേജ് 2018-19 വർഷത്തിൽ സ്മാർട്ട് വില്ലേജ് ആക്കുന്നതിലേയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളതാണ്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു ഫണ്ട് അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ